(ബി)	കൃഷ്ണപുരം പഞ്ചായത്ത്	4581 എണ്ണം
	പത്തിയൂർ പഞ്ചായത്ത്	3786 "
	കണ്ടല്ലൂർ പഞ്ചായത്ത്	4430 "
	ദേവികുളങ്ങര പഞ്ചായത്ത്	2390 "
	മുതുകുളം പഞ്ചായത്ത്	2600 "
	കായംകുളം നഗരം	13047 "

(സി) കരുനാഗപ്പള്ളി ഡിവിഷന്റെ കീഴിൽ 6097 ഉപഭോക്താക്കളും, മാവേലിക്കര ഡിവിഷന്റെ കീഴിൽ 22,138 ഉപഭോക്താക്കളും ഉണ്ട്.

(ഡി) കരുനാഗപ്പള്ളി വൈദ്യുതി ഡിവിഷന്റെ കീഴിൽ 1,16,756 ഉപഭോക്താക്കളും, മാവേലിക്കര ഡിവിഷന്റെ കീഴിൽ 1,21,431 ഉപഭോക്താക്കളും ഉണ്ട്.

(ഇ) വിഭജിക്കപ്പെടേണ്ട ഡിവിഷനിലെ ഉപഭോക്താക്കൾക്ക് ലഭ്യമാകാനിടയുള്ള കൂടുതൽ സേവന സൗകര്യം, പുതിയ ഡിവിഷൻ രൂപീകരിക്കുന്നതു മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത മുതലായവ കണക്കിലെടുത്ത് സാമ്പത്തികമായി ലാഭകരമാണോ എന്നു കൂടി നോക്കിയാണ് പുതിയ ഡിവിഷൻ രൂപീകരിക്കുന്നത്.

(എഫ്) ഇല്ല.

(ജി) പ്രസക്തമല്ല.

(എച്ച്)	ഇലക്ട്രിക്കൽ ഡിവിഷൻകാഞ്ഞങ്ങാട്	86,732 ഉപഭോക്താക്കൾ
	ഇലക്ട്രിക്കൽ ഡിവിഷൻ ഫറോക്ക്	86,172 "
	ഇലക്ട്രിക്കൽ ഡിവിഷൻ പൊന്നാനി	60,995 "
	കാസർകോഡ് ഡിവിഷൻ	1,04,441 "
	പുനലൂർ ഡിവിഷൻ	90,629 "
	കട്ടപ്പന ഡിവിഷൻ	88,975 "

കായംകുളത്തുള്ള ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് വൈദ്യുതി ലൈൻ

112 (2690) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തുള്ള ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് വൈദ്യുതി ലൈൻ സ്ഥാപിക്കാൻ ഇതുവരെ മിൽ ഭരണ സമിതി വൈദ്യുതി ബോർഡിൽ അടച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) മിൽ ഉല്പാദനം ആരംഭിച്ചശേഷം ഓരോ മാസവും മിൽ ഭരണ സമിതി വൈദ്യുതി ബോർഡിനയച്ച കറന്റ് ബിൽ തുക എത്രയാണ് ;

(സി) ഇത് ഒരു പുതിയ സഹകരണ സ്പിന്നിംഗ് മിൽ ആയതിനാൽ വൈദ്യുതി വിലയിൽ ഇളവനുദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഭരണ സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഇ) ഈ കാര്യത്തിൽ ഈ സഹകരണ മില്ലിനെ സഹായിക്കാൻ വൈദ്യുതി വകുപ്പിന് കഴിയുമോ ?

ഉത്തരം

(എ) 12,18,262 രൂപ.

(ബി) ബിൽ ഭരണ സമിതി കറന്റ് ചാർജ്ജ് ആയി ബോർഡിൽ അടച്ച തുക താഴെ കൊടുക്കുന്നു.

10/99	18,983 രൂപ
11/99	3,29,827 രൂപ
12/99	3,29,827 രൂപ
1/2000	6,35,971 രൂപ

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിലവിലുള്ള നിയമമനുസരിച്ച് നിർവ്വാഹമില്ല.

ജെ.ഡി.സി.കോഴ്സ് പാസായവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകിയില്ലെന്ന പരാതി

113 (2691)ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ.ഡി.സി.കോഴ്സ് പാസായവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ സംസ്ഥാന സഹകരണ യൂണിയൻ വീഴ്ച വരുത്തിയിട്ടുണ്ടോ ;

(ബി) ഏത് വർഷം വരെയുള്ള ബാച്ചുകളിൽ പഠിച്ചവർക്കാണ് ഇതുവരെ ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് ;

(സി) പ്രതിവർഷം എത്ര പേർ ഈ കോഴ്സ് പാസാകുന്നുണ്ട് ;

(ഡി) ഇവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1994-ന് ശേഷമുള്ള ഡിപ്ലോമാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കുടിശ്ശികയുണ്ട്.

(ബി) 1994 വരെയുള്ള ജെ.ഡി.സി. കോഴ്സ് പാസായ വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഡിപ്ലോമകൾ നൽകിയിട്ടുണ്ട്.

(സി) പ്രതി വർഷം 900-ത്തോളം വിദ്യാർത്ഥികൾ ജെ.ഡി.സി. പരീക്ഷ പാസാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly